# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## കരട് രേഖ

**വയനാട് ജില്ലാ ഭരണകൂടത്തിനുവേണ്ടി**



16.10.2019

## വയനാട് ജില്ലയിലെ കാരാപ്പുഴ ജലസേചന പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കൽ

**അർത്ഥനാധികാരി**

ജലസേചന വകുപ്പ്
കൽപ്പറ്റ, വയനാട്

**എസ്.ഐ.എ യൂണിറ്റ്**


RAJAGIRI outREACH

രാജഗിരി ഔട്ട് റീച്ച്
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസെസ്,
രാജഗിരി പി.ഓ 683104 കളമശേരി
ഫോൺ: 0484-2550785
rossrajagir@gmail.com
www.rajagirioutreach.in

# ഉള്ളടക്കം

**അദ്ധ്യായം 1 : പഠനത്തിന്‍റെ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 സ്ഥലം

1.3 ഭൂമി ഏറ്റെടുക്കുന്നതിന്‍റെ വിസ്താരവും ഗുണങ്ങളും

1.4 പരിഗണിക്കപ്പെട്ട ഇതര മാര്‍ഗ്ഗങ്ങള്‍

1.5 സാമൂഹ്യ പ്രത്യാഘാതങ്ങള്‍

1.6 ലഘൂകരണ നടപടികള്‍

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങള്‍**

2.1 പദ്ധതിയുടെ പശ്ചാത്തലം

2.2 പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം,വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങള്‍

2.4 ഇതര മാര്‍ഗ്ഗങ്ങള്‍ പരിശോധിക്കല്‍

2.5 പദ്ധതി നിര്‍മ്മാണ ഘട്ടങ്ങള്‍

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങള്‍

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴില്‍ ശക്തി

2.9 മുന്‍പേ നടത്തിയ പഠനങ്ങളുടെ വിവരങ്ങള്‍

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങള്‍

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിന്‍റെ യുക്തിയും, പഠനത്തിനു വേണ്ട വിവരശേ ഖരണം നടത്തിയ രീതിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

3.5 തല്‍പ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. പദ്ധതിക്കായി വില കൊടുത്തു വാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കു ന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയുണ്ടെ ങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചു മുള്ള കണക്ക്**

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1. പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തംഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെ ടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാത ബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

## അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്രാവസ്ഥയും

6.3 ദുർബ്ബല ജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

## അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാ പനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 നഷ്ടപരിഹാരവുമായിബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതി രേഖയിൽ പ്രസ്താവി ച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തി വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചു കൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7. അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ്,സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും നഷ്ടം നികത്തുവാനുത കുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

## പട്ടികകൾ


| | |
|---|---|
| 3.1 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം |
| 3.5 | മീറ്റിങ്ങുകളുടെ സമയക്രമം |
| 5.1.1 | ആഘാതബാധിത കുടുംബങ്ങൾ |
| 5.3 | ഭൂവുടമകളുടെ പേരും ഭൂമിയുടെ തരവും |
| 5.6.2 | സാമൂഹ്യ പ്രത്യാഘാതം |
| 7.6 | പ്രത്യാഘാത ദൂരീകരണ ആസൂത്രണം |


## ചിത്രങ്ങൾ


| | |
|---|---|
| 6.1.1 | മതവിഭാഗം |
| 6.1.2. | സാമൂഹ്യ വിഭാഗം |
| 6.1.3. | പ്രായം |
| 6.1.4 | ലിംഗഭേദം |
| 6.1.5 | വൈവാഹിക അവസ്ഥ |
| 6.1.6 | വിദ്യാഭ്യാസം |

# ചുരുക്കെഴുത്തുകൾ

| | |
|---|---|
| OBC | Other Backward Communities |
| RFCTLAAR Act | The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 |
| SC | Scheduled Caste |
| SIA | Social Impact Assessment |
| ST | Scheduled Tribe |
| DPR | Detailed Project Report |

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

അന്തർ സംസ്ഥാന നദിയായ കാവേരിയുടെ ഉപനദിയായ കബിനി നദിയിലാണ് കാരാപ്പുഴ ജലസേചന പദ്ധതി (കബിനി പദ്ധതി) നടപ്പാക്കുന്നത്. കബിനി സബ് ബേസിനിൽ ഏറ്റെടുക്കുന്ന ആദ്യത്തെ പദ്ധതിയാണിത്. 76.50 എം.എം. സംഭരണ ശേഷിയുള്ള ഒരു ജലസംഭരണി സൃഷ്ടിക്കുന്നതിനും വയനാട് ജില്ലയിലെ വൈത്തിരി, സുൽത്താൻ ബത്തേരി, മാനന്തവാടി താലൂക്കുകൾ വഴി 5221 ഹെക്ടർ സ്ഥലത്ത് കനാൽ മാർഗ്ഗം ജലസേചനം നടത്തുക എന്ന ലക്ഷ്യത്തോടെ കാരാപ്പുഴ നദിക്ക് കുറുകെ വാഴവറ്റയിൽ ഒരു എർത്ത് ഡാം നിർമ്മിക്കുന്നതിനായാണ് പദ്ധതി. കാരാപ്പുഴ ജലസേചന പദ്ധതിയുടെ സംഭരണി വയനാട് ജില്ലയിലെ അമ്പലവയൽ മുപ്പൈനാട് വൈത്തിരിയിലെ തോമാട്ടുചാൽ വില്ലേജ് സുൽത്താൻ ബത്തേരി താലൂക്ക് എന്നിവിടങ്ങളിൽ വ്യാപിച്ചു കിടക്കുന്നു.

നിർദ്ദിഷ്ട ജലസേചന പദ്ധതിയ്ക്ക് 28-07-1978 തീയതിയിലെ സർക്കാർ ഉത്തരവ് G.O.(MS) No.67/78/W&T പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുള്ളതും 19-04-1978 തീയതിയിലെ No.II 20 (4) 77 I & CAD ആസൂത്രണ കമ്മീഷൻെറ ക്ലീയറൻസ് ലഭ്യമായിട്ടുള്ളതാണ്. 2014 ൻെറ അടിസ്ഥാനത്തിൽ പുതുക്കിയപദ്ധതിയുടെ വിശദരേഖ 11-12-2017 തീയതിയിലെ ദ്യ.ഗ (Rt) 988/2017/WRD, തിരുവനന്തപുരം പ്രകാരം ജലസേചന വകുപ്പിൻെറ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. സുൽത്താൻ ബത്തേരിതാലുക്കിലെ തോമാട്ടുചാൽ വില്ലേജിലെ 0.4000 ഹെക്ടർ ഭൂമി പദ്ധതിയ്ക്കായി കണ്ടെത്തിയിട്ടുണ്ട്.

## 1.2 പദ്ധതി പ്രദേശം

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിലെ തോമാട്ടുചാൽ വില്ലേജിലെ 0.4000 ഹെക്ടറിൽ 606/1A,606/1A1, 82/4B,83 എന്നീ സർവ്വെ നമ്പറുകളിൽപ്പെട്ട ഭൂമിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

ഈ പ്രദേശം പ്രശാന്തതയ്ക്കും നെൽവയലുകളിൽ നിന്നുള്ള വിളവിനും പേരു കേട്ടതാണ്. ഏറ്റെടുക്കേണ്ട ഭൂമിയിൽ കൃഷി ചെയ്ത് വരുന്നതാണ്. പ്രസ്തുത ഭൂമി നിലം വിഭാഗത്തിൽ പ്പെട്ട ഭൂമിയാണ്.

## 1.3 ഏറ്റെടുക്കുന്ന ഭൂമിയുടെ വിസ്താരവും ഗുണങ്ങളും

പദ്ധതി ഏറ്റെടുക്കൽ ഉദ്ദേശിക്കുന്നത് 0.4000 ഹെക്ടർ ഭൂമിയാണ്.അതിൽ ഭൂരിഭാഗവും നിലം വിഭാഗത്തിലാണ് തിരിച്ചിരിക്കുന്നത്. അപ്രകാരം സുൽത്താൻ ബത്തേരി താലൂക്കിലെ തോമാട്ടുചാൽ വില്ലേജിൽ ഉൾപ്പെട്ട 0.4000 ഹെക്ടർ ഭൂമി ഏറ്റെടുക്കാനായി കണ്ടെത്തിയിരി ക്കുന്നത്. പ്രസ്തുത ഭൂമി ഡാമിന്റെ വൃഷ്ടി പ്രദേശത്തെ സ്ഥിതിചെയ്യുന്നു.

പദ്ധതിബാധിതരാകുന്ന 6 കുടുംബങ്ങളെയാണ് കണ്ടെത്തിയിരിക്കുന്നത്. പദ്ധതി ബാധിതർ തോമാട്ടുചാൽ വില്ലേജിലെ സ്ഥിരതാമസക്കാരാണ്. പ്രധാനമായും കൃഷി ഭൂമിയാണ് പദ്ധതി ബാധിതമാകുന്നത്. പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൽ മറ്റ് എതിർപ്പുകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല. പദ്ധതിബാധിതർ ഉൾപ്പെടെയുള്ളവർ പദ്ധതിയോട് അനുകൂല നിലപാടിലാണ്.എന്നിരുന്നാലും ബന്ധപ്പെട്ട നിയമങ്ങളും നയങ്ങളും അനുസരിച്ച് ന്യായമായ നഷ്ടപരിഹാരവും പ്രത്യാഘാതങ്ങൾ ദൂരികരിക്കുന്നതിനുള്ള മറ്റ് നടപടികളും സ്വീകരിക്കേണ്ടതാണ്.

### 1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പദ്ധതിപ്രദേശത്തോട് വളരെ അടുത്തു കിടക്കുന്നതാണ് പ്രസ്തുതഭൂമി അതിനാൽ മറ്റ് ഇതര മാർഗ്ഗങ്ങൾ പരിഗണിക്കേണ്ടതില്ല.

### 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

പദ്ധതിബാധിതർ ഉൾപ്പെടെയുള്ളവർ പദ്ധതിയോട് അനുകൂലനിലപാടിലായതിനാൽ ഭൂമി ഏറ്റെടുക്കുന്നതീൽ മറ്റെതിർപ്പുകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല.പദ്ധതിയുടെ പ്രധാന ആഘാതങ്ങളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രത്യാഘാതങ്ങൾ | വിവരങ്ങൾ |
|---|---|---|
| 1 | ഭൂമി നഷ്ടപ്പെടൽ | 6 കുടുംബങ്ങൾ |
| 2 | വരുമാനം നഷ്ടപ്പെടൽ | 6 കുടുംബങ്ങൾക്ക് ഭൂമിയിൽ നിന്നുള്ള വരുമാനം നഷ്ടപ്പെടുന്നു |
| 3 | ജലസ്രോതസ്സ് നഷ്ടപ്പെടൽ | 1 കിണർ |
| 4 | വൃക്ഷങ്ങൾ നഷ്ടമാകൽ | വിവിധ വൃക്ഷങ്ങൾ |

പദ്ധതിബാധിത കുടുംബങ്ങൾ എല്ലാവരും തന്നെ സർവ്വേയുമായി സഹകരിച്ചു. സർവ്വേയിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത് 6 കുടുംബങ്ങളുടെ വരുമാനശ്രോതസ്സിനെ പ്രസ്തുതപദ്ധതി ബാധിക്കുമെന്നാണ്. ഡാമിൽ വെള്ളം നിറയുമ്പോൾ പദ്ധതി ബാധിത പ്രദേശത്തെ കൃഷിയെ പ്രതികൂലമായി ബാധിക്കാറുണ്ടായിരുന്നുഎന്നതിനാൽ നിർദ്ദിഷ്ട പദ്ധതി മൂലം പദ്ധതി ബാധിതകുടുംബങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതുമൂലം വിപരീത പ്രത്യാഘാതങ്ങളെക്കാൾ ഗുണകരമായ പ്രത്യാഘാതങ്ങളാണ് ഉണ്ടാകുക.

**1.6. ലഘൂകരണ നടപടികൾ**

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തി നുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിത കുടുംബങ്ങൾക്ക് നൽകേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന

പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി പ്രകാരമുള്ള പ്രത്യാഘാത ലഘൂകരണ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## അദ്ധ്യായം 2
## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം പദ്ധതിയുടെ യുക്തി.

കേരളത്തിലെ ഏറ്റവും വലിയ എർത്ത് ഡാമുകളിലൊന്നാണ് വയനാട് ജില്ലയിൽ സ്ഥിതിചെയ്യുന്ന കാരാപ്പുഴ ഡാം. കബനി നദിയുടെ ഉപനദിയായ കാരപ്പുഴ നദിയിലാണ് ഇത് സ്ഥിതിചെയ്യുന്നത്. ഡാമിൻെറ നിർമ്മാണം 1977-ൽ തുടങ്ങി 2004 ലാണ് പൂർത്തി കരിച്ചത്. ഡാമിൻെറ പ്രധാന ഉദ്ദേശ്യം ജലസേചനമാണ് ഡാമിൻെറ ഇരുവശങ്ങളി ലുമുള്ള കനാൽ നിർമ്മാണഘട്ടത്തിലാണ് കഴിഞ്ഞ 3 പതിറ്റാണ്ടുകളായി 300 കോടി മുതൽ മുടക്കി നിർമ്മിച്ച ഡാമിൻെറ പണികൾ ഇനിയും പൂർത്തി കരിക്കുവാനുണ്ട്.

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിലെ തോമാട്ടുചാൽ വില്ലേജിൽ സ്ഥിതിചെയ്യുന്ന 0.4000 ഹെക്ടർ സ്ഥലമാണ് കാരാപ്പുഴ ജലസേചനപദ്ധതിയ്ക്ക് ആവശ്യമായിവരുന്നത്. പദ്ധതിയുടെ പൂർത്തീകരണംവഴി കാരാപ്പുഴ ഡാമിൻെറ സംഭരണ ശേഷി വർദ്ധിക്കുകയും അതുവഴി കൂടുതൽ പ്രദേശത്ത് കൃഷിയ്ക്കുവേണ്ടി ജലസേചനം നടത്തുവാനും സാധിക്കും.

30/08/2019 -ലെ വയനാട് ജില്ലാ കളക്ടറുടെ DCWYD/2479/2019-B1 കത്ത് പ്രകാരം ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വകുപ്പ് 4 (1) അനുശാസിക്കുന്ന പ്രകാരം നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണ രൂപരേഖ തയ്യാറാക്കുന്നതിനും രാജഗിരി ഔട്ട്റീച്ച്, കളമശേരിയെ ചുമതലപ്പെടുത്തി.

### 2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു താത്പര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പെടെ പദ്ധതിയുടെ യുക്തി.

കാരാപ്പുഴ ജലസേചനപദ്ധതി അന്തർസംസ്ഥാന നദിയായ കാവേരി നദീ തീരത്തെ കബനി നദീ തടത്തിൽ നടപ്പാക്കുന്നു. കേരള ജലസേചനവകുപ്പിൻെറ കൈവശത്തിലും നിയന്ത്രണ ത്തിലുമാണ് കാരാപ്പുഴ ഡാമും സംഭരണിയും.

പശ്ചിമഘട്ടത്തിന്റെ കിഴക്കൻ ചരിവിൽ കിടക്കുന്ന സമുദ്രനിരപ്പിൽ നിന്ന് ശരാശരി 780 mm ഉയരത്തിൽ കേരളത്തിലെ വയനാട് ജില്ലയിൽ ഏറ്റെടുത്ത ആദ്യത്തെ ജലസേചന പദ്ധതിയാണിത്. പ്രസ്തുത അണക്കെട്ട് ജില്ലാ ആസ്ഥാനമായ കൽപ്പറ്റ പട്ടണത്തിൽ നിന്ന് 13 കിലോമീറ്റർ അകലെയും NH 766-ൽ കാക്കവയൽ ജംഗ്ഷനിൽ നിന്ന് 5.40 കി.മീ. അകലെയുമാണ്.

27/02/19-ലെ വിജ്ഞാപന നമ്പർ C5-68448/12 പ്രകാരം പദ്ധതി ഒരു പൊതു ആവശ്യമായി കണ്ട് സുൽത്താൻ ബത്തേരി താലൂക്കിലെ 0.4000 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 27-02-2019 തീയതിയിൽ വയനാട് ജില്ലാ കളക്ടർ വിജ്ഞാപനം C5-68448/12 പുറപ്പെടുവിച്ചു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 ബി (iv) പ്രകാരം നിർദ്ദിഷ്ട പദ്ധതി ഒരു പൊതു താത്പര്യമായി കണക്കാക്കാവുന്നതാണ്.

### 2.3 പദ്ധതിയുടെ സ്ഥലം,വലിപ്പം,ലക്ഷ്യം,ചിലവ് തുടങ്ങിയ വിവരങ്ങൾ

കാരാപ്പുഴ റിസർവോയറിന്റെ ശേഷി വർദ്ധിപ്പിക്കുകയെന്നതാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടു ക്കലിന്റെ ലക്ഷ്യം. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിലെ തോമാട്ടുചാൽ വില്ലേജിലെ 0.4000 ഹെക്ടറിൽ 606/1A,606/1A1, 82/4B,83 എന്നീ സർവ്വെ നമ്പറുകളിൽപ്പെട്ട ഭൂമിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

വയനാട് ജില്ലയിലെ വൈത്തിരി, സുൽത്താൻ ബത്തേരി മാന്തവാടി താലൂക്കുകളെ ബന്ധിപ്പിച്ചുകൊണ്ട് കനാൽ നിർമ്മിച്ച് 5221 ഹെക്ടർ ഭൂമിയിൽ ജലസേചനം നടത്തുവാനാണ് പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്. കാരാപ്പുഴ നദിയുടെ കുറുകെ വാഴവറ്റയിൽ 76.50 mm3 സംഭരണശേഷിയിൽ എർത്ത് ഡാം നിർമ്മിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

കാലങ്ങളായി, പ്രോജക്ട് ഒരു വിവിധോദ്ദേശ്യ പദ്ധതിയായി മാറി. കൽപ്പറ്റ മുനിസിപ്പാലിറ്റിയിലേക്കു കുടിവെള്ള വിതരണപദ്ധതി കമ്മീഷൻ ചെയ്യിട്ടുണ്ട്, കൂടാതെ സുൽത്താൻ ബത്തേരി താലൂക്കുകളിലെ തൊട്ടടുത്തുള്ള പഞ്ചായത്തുകളിലേക്ക് കുടിവെള്ളം വിതരണം ചെയ്യുന്ന മറ്റ് ചില പദ്ധതികളും കാരാപ്പുഴ സംഭരണിയിൽ നിന്ന് നടപ്പിലാക്കുന്നു. കാരാപ്പുഴ പദ്ധതി അന്തർസംസ്ഥാന നദിയായ കാവേരി നദീതടത്തിലാണ് സ്ഥിതി ചെയ്യുന്നത്. 2.80 ടി. എം.സി. ജലം കാവേരി ജലതർക്ക ട്രൈബ്യൂണൽ അനുവദിച്ചതിനാൽ കേരള സംസ്ഥാന സർക്കാർ പദ്ധതി എത്രയും വേഗം പൂർത്തികരിക്കാൻ എല്ലാ ശ്രമങ്ങളും നടത്തുന്നു. സംഭരണിയുടെ പരിധിക്കുള്ളിലെ ബാക്കി ഭൂമി ഏറ്റെടുക്കുന്നതിലൂടെ ജലനിരപ്പ് മുഴുവൻ സംഭരണശേഷിയിലേക്ക് ഉയർത്തിക്കൊണ്ട് കാവേരി നദീ തടത്തിൽ നിന്ന് അനുവദിച്ച ജലം ജനങ്ങളുടെ പ്രയോജനത്തിനായി വിനിയോഗിക്കാൻ സാധിക്കും.

### 2.4 ഇതര മാർഗ്ഗങ്ങൾ പരിഗണിക്കൽ

പ്രസ്തുത ഭൂമി സംഭരണിയോട് ചേർന്ന് കിടക്കുന്നതാണ്. സംഭരണിയിൽ വെള്ളം നിറയുമ്പോൾ പ്രസ്തുതഭൂമി വെള്ളത്തിൽ മുങ്ങുന്നതായി മനസ്സിലാക്കാൻ സാധിച്ചു. അതുകൊണ്ട് മറ്റ് മാർഗ്ഗങ്ങൾ പരിഗണിക്കേണ്ടതായി വരുന്നില്ല.

### 2.5 പദ്ധതി നിർമ്മാണഘട്ടങ്ങൾ

പ്രസ്തുത കാരാപ്പുഴ ജലസേചനപദ്ധതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല. പദ്ധതിക്കായി ഭൂമി മാത്രം ഏറ്റെടുക്കുന്നു. പ്രസ്തുതപദ്ധതി ഒറ്റഘട്ടത്തിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

### 2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

പ്രസ്തുത പദ്ധതി സംഭരണിക്ക് വേണ്ടി സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നത്, ആയതിനാൽ നിർമ്മാണമോ മറ്റ് അനുബന്ധ പ്രവർത്തനങ്ങളോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

പ്രസ്തുത പദ്ധതിക്ക് ഭൂമി മാത്രമാണ് ആവശകത. മറ്റ് അനുബന്ധ ഘടനകളുടെ ആവശ്യകത ഇല്ല.

## 2.8 ആവശ്യമായ തൊഴിൽ ശക്തി

പ്രസ്തുതപദ്ധതിക്ക് ഭൂമി മാത്രമാണ് ആവശ്യമായിട്ടുള്ളത്. ആയതിനാൽ തൊഴിൽ ശക്തി ആവശ്യമായി വരുന്നില്ല.

## 2.9 മുമ്പേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

നിലവിലുള്ള വിവരമനുസരിച്ച് പ്രസ്തുത പദ്ധതിയുടെ സാമൂഹിക പരിസ്ഥിതിക ആഘാത പഠനം നടത്തിയിട്ടില്ല. സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങളും ലഭ്യമല്ല.

## 2.10 ബാധകമായ നിയമങ്ങളും നയങ്ങളും

കാരാപ്പുഴ ജലസേചനപദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുന:സ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013.
- കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
    - കേരള സർക്കാർ-റവന്യൂ (ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O. (Ms) No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം.
    - ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിന്റെ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി.

➢ വിവരാവകാശ നിയമം 2005.

## അദ്ധ്യായം 3
## പഠനസംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

### 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 (1) അനുശാസിക്കുന്ന പ്രകാരം നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണ റിപ്പോർട്ട് തയ്യാറാക്കുന്നതിനുംവയനാട്ജില്ലാ കളക്ടറുടെ 30-09-2019 തീയതിയിലെ കത്ത് DCWYD/2479/2019-B1 പ്രകാരം കളമശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന രാജഗിരി ഔട്ട്റീച്ചിനെ ചുമതലപ്പെടുത്തി. അതിൻ പ്രകാരം സമാന പദ്ധതികളിൽ പരിചയ സമ്പന്നരായ വ്യക്തികൾക്ക് നിശ്ചിതമായ ഉത്തരവാദിത്തങ്ങളും, കർത്തവ്യങ്ങളും നൽകി പഠന സംഘത്തിന് രൂപം നൽകി.

**പട്ടിക (3.1) *പഠന സംഘം***

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യതയും പദവിയും | പ്രവർത്തി പരിചയം |
|---|---|---|---|
| 1 | ഡോ:ബിനോയ് ജോസഫ്,പ്രിൻസിപ്പാൾ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് | എം.എ(എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ്, എസ്.ഐ.എ | അദ്ധ്യാപന ഗവേഷണ പരിശീലന മേഖലയിൽ 23 വർഷത്തെ പ്രവർത്തന പരിചയം |
| 2 | മീന കുരുവിള | എം.എസ്.ഡബ്ല്യു, ചെയർപെർസൺ എസ്.ഐ.എ | വികസനമേഖലയിൽ 30 വർഷത്തെ പരിചയം |
| 3 | മരിയ ടെൻസി വി. എസ് | എം.എ.,ഡി.എസ്.എസ്, റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 27 വർഷത്തെ പരിചയം |
| 4 | ആൽബിൻ നോബിൾ | എം.എസ്.ഡബ്ല്യു. റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 2 മാസത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി പി | എ.ബി. ഫി, ഡെവലപ്പ്മെൻറ് ഓഫീസർ എസ്.ഐ.എ | വികസനമേഖലയിൽ 24 വർഷത്തെ പരിചയം |

**3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതികരീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ടവിവരശേഖരണം നടത്തിയ രീതിയും**

വയനാട് ജില്ലാകളക്ടർ പുറപ്പെടുവിച്ച 02/09/2019–ലെ വിജ്ഞാപനം DCWY/2479/2019-B1 അനുസരിച്ച് തോമാട്ടുചാൽ പഞ്ചായത്തിലെ 11 സബ്ഡിവിഷൻ ഭൂമികളാണ് ജലസംഭരണിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്നത്. നിർദ്ദിഷ്ട സർവ്വെ ഭൂമിയുടെ ഉടമസ്ഥതയോ, കൈവശാ വകാശമോ ഉള്ള 6 ആഘാതബാധിരെ ഗവേഷകർ കണ്ടെത്തി. പഠന സംഘം സർവ്വേ നടത്തി ആഘാതം തിട്ടപ്പെടുത്താനും ലഘൂകരണ നടപടികൾ സ്വീകരിക്കാനും സാമൂഹ്യപ്രത്യാഘാത നിയന്ത്രണ രൂപരേഖ തയ്യാറാക്കുന്നതിനുവേണ്ടി ഫീൽഡ് ഇൻവെസ്റ്റിഗേറ്റേഴ്സ് പദ്ധതിപ്രദേശം സന്ദർശിക്കുകയും പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലിയിലൂടെയാണ് വിവരങ്ങൾ ശേഖരിച്ചത്.

പദ്ധതിയുടെ പൊതുവും നിശ്ചിതവും മുൻകൂട്ടി കാണാവുന്നതുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുവാൻ സാമൂഹ്യപ്രത്യാഘാത പഠനസംഘത്തിലെ ക്വാളിറ്റേറ്റീവ് ഗവേഷകർ ഗ്രൂപ്പ് ചർച്ചയും ആഘാതബാധിതർ, ഭരണസമിതി, ഗവൺമെൻറ് ഉദ്യോഗസ്ഥർ, തൽപ്പര കക്ഷികൾ എന്നിവരുടെ അഭിമുഖവും സംഘടിപ്പിച്ചു. വയനാട്ടിലെ ജല അതോരിറ്റി ഡിവിഷൻ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളും ഈ പഠനത്തിന് ഉപയോഗിച്ചു.

**3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി**

ഒരോരത്തരും പദ്ധതിയ്ക്കുവേണ്ടി കൈമാറേണ്ട സ്ഥലത്തിൻെറയും തന്മൂലമുണ്ടായേക്കാവുന്ന പ്രത്യാഘാതത്തിൻെറയും അളവ് ഓരോവ്യക്തികൾക്കും വ്യത്യസ്ഥമാകയാൽ മാതൃക പരിശോധനാരീതിയേക്കാൾ സാമൂഹ്യ സാമ്പത്തിക സർവ്വെയാണ് പഠനത്തിന് അഭികാമ്യമാകുന്നത്. പഠന വിധേയരാകേണ്ടത് 6 ഭൂവുടമകൾ ആയതിനാൽ നിശ്ചിത സമയത്തിനകം വിവരശേഖരണം നടത്താൻ കഴിയും.

### 3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

വിദ്ഗദ്ധരായ ക്വാളിറ്റേറ്റീവും ക്വാണ്ടിറ്റേറ്റീവുമായ ഗവേഷകരുടെ മിശ്രിത മാർഗ്ഗത്തിലൂടെ പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു. പൊതുമരാമത്ത് റവന്യൂ ജില്ലാഭരണകൂടം എന്നിവിടങ്ങളിൽ നിന്നും പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളിൽ നിന്ന് പല ഘട്ടങ്ങളിലായി ഫീൽഡ് ഇൻവെസ്റ്റിഗേറ്റർമാർ ദ്വിതീയ വിവരങ്ങൾ ശേഖരിച്ചു.

സാമൂഹ്യ സാമ്പത്തിക പ്രത്യാഘാത സർവ്വേയിലൂടെ ആഘാതബാധിതരിൽനിന്ന് വിവര ശേഖരണം നടത്തുന്നതിന് നിശ്ചിതഘടനയിലുള്ള ചോദ്യാവലി തയ്യാറാക്കി, പരിശോധനയും വിലയിരുത്തലും നടത്തി. എല്ലാ ആഘാതബാധിതരും സർവ്വെയിൽ പങ്കെടുക്കുകയും അഭിമുഖത്തിൽ പ്രതികരിക്കുകയും ചെയ്തു. ജനസംഖ്യാപരം സാമ്പത്തികം, കുടുംബം, ഉപജീവനം പദ്ധതിപ്രദേശത്തുള്ള സജീവവും നിഷ്ക്രിയവുമായ വസ്തുക്കൾ, ആഘാതത്തിന്റെ തരവും വ്യാപ്തിയും എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനുതകുന്ന ചോദ്യങ്ങളാണ് ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിരി ക്കുന്നത്. ലഭ്യമായ വിവരങ്ങളും പ്രതികരണങ്ങളും സ്റ്റാറ്റിക്കൽ സോഫ്റ്റ് വെയറിലൂടെ വിശകലനം ചെയ്യുകയും കണ്ടെത്തലുകൾ നിർദ്ദേശങ്ങളോടോപ്പം തയ്യാറാക്കുകയും ചെയ്തു.

### 3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

**പട്ടിക 3.5.1**

| തീയതി | പ്രവർത്തനങ്ങൾ | വേദി |
|---|---|---|
| **04.09.2019** | പ്രാഥമിക പഠനവും കൂടിക്കാഴ്ച്ചകളും | നെല്ലറച്ചാൽ |
| **04.09.2019** | സാമൂഹ്യ-സാമ്പത്തിക സർവ്വേയും കൂടിക്കാഴ്ച്ചകളും | നെല്ലറച്ചാൽ |
| **04.09.2019** | ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ,വില്ലേജ് ഓഫീസർ,മുനിസിപ്പൽ കൗൺസിലേഴ്സ് എന്നിവരുമായി കൂടിക്കാഴ്ച്ച | കൽപ്പറ്റ |

| | | |
|---|---|---|
| 09.10.2019 | പബ്ലിക് ഹിയറിങ്ങിൻെറ നോട്ടീസ് വിതരണവും വാർത്താപ്രക്ഷേപണവും | നെല്ലറച്ചാൽ |

പഠനത്തിൻെറ ഭാഗമായി പ്രധാന തൽപരകക്ഷികളുമായി വിവിധ മീറ്റിംഗുകളും, അഭിമുഖങ്ങളും ചർച്ചകളും നടത്തി. 2019 ഒക്ടോബർ 16–ാം തീയതി നെല്ലറച്ചാൽ ഗവ. സ്കൂളിൽ പബ്ലിക്ക്ഹിയറിംഗ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിൻെറ നോട്ടീസ് പദ്ധതി ബാധിത കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്.

## അദ്ധ്യായം 4
## സ്ഥലത്തിൻെറ മൂല്യനിർണ്ണയം

### 4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമികസ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

പ്രസ്തുത കാരാപ്പുഴ ജലസേചന പദ്ധതിയ്ക്കായി തോമാട്ടുചാൽ വില്ലേജിലെ 0.4000 ഹെക്ടർ സ്ഥലമാണ് ആവശ്യമായി വരുന്നത്.പദ്ധതി പ്രദേശം നെൽകൃഷിക്കും പ്രശാന്തതയ്ക്കും പേരുകേട്ട സ്ഥലമാണ്. പദ്ധതിയ്ക്കാവശ്യമായി വരുന്ന ഭൂമിയിൽ കൃഷി ചെയ്ത് വരുന്നതും രേഖകളിൽ നിലം എന്ന് തരം തിരിച്ചിട്ടുള്ളതുമാണ്.

### 4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതിപ്രദേശം നെൽകൃഷിക്കും പ്രശാന്തതയ്ക്കും പേരുകേട്ട സ്ഥലമാണ്. കാരാപ്പുഴ ജലസേചന പദ്ധതിയിലെ സംഭരണി വയനാട് ജില്ലയിലെ അമ്പലവയൽ, മുപ്പൈനാട്, തോമാട്ടുചാൽ വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്നു. നിരവധി മതസ്ഥാപനങ്ങൾ സ്ക്കൂളുകൾ എന്നിവ ഈ പ്രദേശത്തിൻെറ വികസനത്തിന് ആക്കം കൂട്ടുന്നു.

മൊത്തം 0.4000 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത് നിർദ്ദിഷ്ട ഭൂമിയോട് ചേർന്നാണ് റിസർവോയർ പ്രദേശം. നിർദ്ദിഷ്ടഭൂമികൃഷിയ്ക്ക് ഉപയോഗിക്കുന്നവ നിലം വിഭാഗത്തിൽപ്പെടുന്നതാണ് ഏറ്റെടുക്കൽ റിസർവോയറിൻെറ സംഭരണശേഷി വർദ്ധിപ്പിക്കുകയും വലിയ തോതിൽ ജലസേചനം നടത്തുവാൻ പ്രാപ്തമാക്കുകയും ചെയ്യും.

### 4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

ജില്ലാ കളക്ടർ പുറത്തിറക്കിയ വിജ്ഞാപനവും ഷെഡ്യൂളും അനുസരിച്ച് വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിൽ നിന്നുള്ള മൊത്തം 0.4000 ഹെക്ടർ ഭൂമി (കൂടുതലും നിലം വിഭാഗത്തിൽപ്പെട്ട ഭൂമി) ഏറ്റെടുക്കുന്നതിനായി മാപ്പ് ചെയ്തിട്ടുണ്ട്. അതിൽ 0.4000 ഹെക്ടർ ഭൂമി, സർവ്വേ നം. 606/1A,606/1A1,82/4B,83-ൽ പ്പെടുന്ന ഭൂമി ഏറ്റെടുക്കുന്നതിനായി മാപ്പ് ചെയ്തിട്ടുണ്ട്

**4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

നിർദ്ദിഷ്ട ഭൂമി റിസർവോയർ പ്രദേശത്തോട് ചേർന്ന് കിടക്കുന്നതിനാൽ പദ്ധതി പ്രദേശത്ത് പൊതുജനങ്ങളോ ഉപയോഗത്തിൽ ഇരിക്കുന്നതോ ആയ ഭൂമി ഇല്ല.

**4.5 പദ്ധതിക്കുവേണ്ടി നിലവിൽ വിലകൊടുത്തു വാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിട്ടുള്ളതോ ആയ ഭൂമി, പദ്ധതിയ്ക്കാവശ്യമായ ഓരോ ഭൂഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം**

കാരാപ്പുഴ ജലസേചന പദ്ധതിയ്ക്കായി ഏറ്റെടുക്കുന്നതിന് 0.4000 ഹെക്ടർ സ്ഥലം ഏറ്റെടുക്കാൻ ബന്ധപ്പെട്ട അധികൃതർ മാപ്പ് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത പദ്ധതിയ്ക്കായി ഇതുവരെ ഒരു സ്ഥലവും പാട്ടത്തിന് എടുക്കുകയോ വാങ്ങുകയോ ചെയ്തിട്ടില്ല.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

കാരാപ്പുഴ ജലസേചന പദ്ധതിയുടെ സംഭരണി വയനാട് ജില്ലയിലെ അമ്പലവയൽ, മുപ്പൈനാട്, തോമാട്ടുചാൽ വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്നു. 0.4000 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായാണ് നിർദ്ദിഷ്ട പദ്ധതി മാപ്പ് ചെയ്തിരിക്കുന്നത്. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ കാരാപ്പുഴ റിസർവോയറിൻെറ സംഭരണശേഷി വർദ്ധിപ്പിക്കും അതിനാൽ ഭൂമി മാത്രം ഏറ്റെടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നില്ല.

**4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

കാരാപ്പുഴ അണക്കെട്ടിൻെറ ജലസേചന പദ്ധതിക്കായാണ് തോമാട്ടുചാൽ ഗ്രാമത്തിൽ ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നിർദ്ദിഷ്ട അണക്കെട്ടിൻെറ സംഭരണശേഷി വർദ്ധിപ്പിക്കുന്നു. കാരാപ്പുഴ ജലസേചന പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന 6 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കൃഷി ഭൂമിയെ സാരമായി ബാധിക്കുമെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

ഭൂമിയുടെ ഇപ്പോഴത്തെ ഉപയോഗം വിശകലനം ചെയ്യുമ്പോൾ പദ്ധതി ബാധിതരിൽ ഭൂരിഭാഗവും തങ്ങളുടെ ഭൂമി ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പദ്ധതി മൂലം താമസ സ്ഥലങ്ങളൊന്നും ബാധിതമായിട്ടില്ല. ഭൂമി ഏറ്റെടുക്കൽ കെട്ടിടങ്ങളേയും ഒന്നും തന്നെ ബാധിക്കുന്നില്ല.

**4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം**

ആളുകളുടെ വ്യത്യസ്ത വലിപ്പത്തിലുള്ള ഭൂമി നഷ്ടപ്പെടുന്നുണ്ട് പ്രത്യാഘാത ബാധിതരാകുന്ന 6 പേരും സാമൂഹ്യ സാമ്പത്തിക സർവ്വേയിൽ പ്രസ്തുത ഭൂമി പൂർവ്വിക സ്വത്തായി കൈവശം ഇരിക്കുന്നതാണെന്ന് വെളിപ്പെടുത്തി. പ്രത്യാഘാത ബാധിതരിൽ ഒരാൾ 1992-ലാണ് ഭൂമി വാങ്ങിയത്. മറ്റുള്ളവർ 100 വർഷങ്ങളായി ഭൂമി കൈവശം വച്ചിരിക്കുന്നതാണ്. പാർപ്പിടങ്ങളെയോ കെട്ടിടങ്ങളെയോ ഒന്നും തന്നെ ഭൂമി ഏറ്റെടുക്കൽ ബാധിക്കുന്നില്ല എന്ന് സർവ്വേയിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

**4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

സർവ്വേയിൽ നിന്നു ലഭ്യമായ വിവരം അനുസരിച്ച് പദ്ധതി പ്രദേശത്തെ ഭൂമിയുടെ വിപണി മൂല്യമായി കണക്കാക്കിയിരിക്കുന്നത് സെൻറിന് ഒരു ലക്ഷം രൂപയാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചിരിക്കുന്നത്. പ്ലോട്ടുകളുടെ വലുപ്പത്തെയും നിർദ്ദിഷ്ട പ്രദേശത്തെ മൂല്യത്തെയും അടിസ്ഥാനമാക്കി അവ വ്യത്യാസപ്പെട്ടിരിക്കും. പ്രത്യാഘാത ബാധിതരിൽ 5 പേരും 100 വർഷത്തിലേറെയായി ഭൂമി കൈവശം വച്ചിരിക്കുന്നതാണ്. ഒരാൾ 27 വർഷം മുൻപാണ് ഭൂമി വാങ്ങിയത്. പ്രത്യാഘാത ബാധിതർ നൽകിയ വിവരങ്ങൾ അനുസരിച്ച് കഴിഞ്ഞ മൂന്നു വർഷമായി ബാധിത ഭൂമിയിൽ ഇടപാടുകൾ ഒന്നും നടന്നിട്ടില്ല.

## അദ്ധ്യായം 5
## ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

### 5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

ഭൂമി ഏറ്റെടുക്കൽ ഓഫീസിൽ നിന്നുള്ള വിവരങ്ങൾ അനുസരിച്ച് 6 പേരുടെ ഭൂമിയാണ് ബാധിതമാകുന്നത്. തോമാട്ടുചാൽ വില്ലേജിലെ ആളുകളുടെ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമി കാർഷിക ആവശ്യങ്ങൾക്കായാണ് ഉപയോഗിച്ചുവരുന്നത്.

#### 5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

കാരാപ്പുഴ ജലസേചന പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്ന 6 പേരുടെ വിവരങ്ങൾ പട്ടിക 5.1.1.ൽ നൽകിയിരിക്കുന്നു.

**(പട്ടിക 5.1.1)**

| ക്രമ നമ്പർ | കൈവശക്കാരൻെറ പേരും വിലാസവും | സർവ്വേ നമ്പർ | ഭൂമിയുടെ തരം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|
| 1 | 1.കുഞ്ഞികൃഷ്ണൻ, 2.ലക്ഷ്മി, 3. ഗോപാലകൃഷ്ണൻ 4. ഗംഗാധരൻ കുമിൾക്കണ്ടി, നെല്ലറച്ചാൽ | 600/1A, 606/1A, 606/1A 606/1A | നിലം | 0.4000 |
| 5 | കെ.പി.ജോസഫ് കുഞ്ചറത്ത്,നെല്ലറച്ചാൽ | 600/1A | നിലം | |
| 6 | വി.എ.രവീന്ദ്രൻ ഭയങ്കരകുഴി,നെല്ലറച്ചാൽ | 606/1A | നിലം | |

### 5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

വയനാട് ജില്ലയിലെ കാരാപ്പുഴ ജലസേചന പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിന് വയനാട് ജില്ലയിലെ തോമാട്ടുചാൽ വില്ലേജിലെ കാരാപ്പുഴ ഗ്രാമത്തിൽ ഉള്ള നിലം വിഭാഗത്തിൽപ്പെട്ട ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഏതെങ്കിലും പട്ടികവർഗ്ഗക്കാരെയോ പ്രത്യേക വനാവകാശമുള്ള മറ്റേതെങ്കിലും സമുദായത്തെയോ പദ്ധതി ബാധിക്കുമെന്ന് റിപ്പോർട്ട് ചെയ്തിട്ടില്ല.

### 5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

ബാധകമല്ല.

### 5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

അത്തരം ഭൂമിയെ ഒന്നും തന്നെ പദ്ധതി ബാധിക്കുന്നില്ല. സർക്കാരിൽ നിന്നും ഭൂമി ലഭ്യമായ കുടുംബങ്ങൾ ഒന്നും തന്നെ പദ്ധതി പ്രദേശത്ത് താമസിക്കുന്നില്ല.

### 5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

ബാധകമല്ല

### 5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

പദ്ധതിയ്ക്കായി ഏറ്റെടുക്കേണ്ട സ്ഥലത്തെ നിലം വിഭാഗത്തിൽപ്പെട്ട ഭൂമി എന്നാണ് തരം തിരിച്ചിരിക്കുന്നത്. ആഘാതബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും പരാമ്പര്യമായി ലഭിച്ച ഭൂമിയിൽ കൃഷിചെയ്ത് വരുന്നതാണ്. ആഘാതബാധിത ഭുമിയെ ആശ്രയിക്കുന്ന കുടുംബങ്ങൾക്ക് പദ്ധതി പ്രദേശത്തെ കൃഷിയിൽ നിന്നു വരുമാനം ലഭിക്കുന്നുണ്ട്.

#### *5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)*

പദ്ധതിയ്ക്ക് പരോക്ഷ പ്രത്യാഘാതങ്ങൾ ഒന്നും തന്നെ ഇല്ല

### 5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതി പ്രദേശം കൃഷി ഭൂമിയായതിനാൽ കൃഷി ആഘാതബാധിതമാകുന്നുണ്ട്. കൂടാതെ പ്രദേശത്തെ ഏതാനും വൃക്ഷങ്ങളും വെട്ടി മാറ്റപ്പെടേണ്ടിവരുന്നു. പ്രസ്തുത വൃക്ഷങ്ങളുടെ വിവരങ്ങൾ താഴെകൊടുത്തിരിക്കുന്നു.

| **ക്രമ നമ്പർ** | **കൃഷി ഇനം/മരങ്ങൾ/നാണ്യവിളകൾ** | **എണ്ണം** |
|---|---|---|
| 1 | പൈനാപ്പിൾ | 275 |
| 2 | വാഴ | 40 |
| 3 | കുരുമുളക് | 388 |
| 4 | ഏലം | 236 |
| 5 | കാപ്പി | 399 |
| 6 | പ്ലാവ് | 83 |
| 7 | തെങ്ങ് | 6 |
| 8 | അടയ്ക്കാമരം | 293 |
| 9 | പടുമരങ്ങൾ | 121 |

## അദ്ധ്യായം 6
## സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം
## (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

### 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

തോമാട്ടുചാൽ ഗ്രാമത്തിലെ നെല്ലറച്ചാൽ എന്ന സ്ഥലം പ്രശാന്തതയ്ക്കും നെൽ വയലുകളിൽ നിന്നുള്ള വിളവിനും പേരുകേട്ടതാണ്. നിർദ്ദിഷ്ട പ്രദേശം ജലത്തിൻെറ സാനിദ്ധ്യം കൊണ്ട് അനുഗ്രഹീതമാണ്. ഈ പ്രദേശത്തെ പട്ടികവർഗ്ഗക്കാരുടെ ഒരു ഉപജീവനമാർഗ്ഗമാണ് മത്സ്യബന്ധനം. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി ഈ പ്രദേശം വികസിച്ചുകൊണ്ടിരിക്കുകയാണ്. നിർദ്ദിഷ്ട ജലസേചന പദ്ധതി പദ്ധതി ബാധിതരിൽ വ്യത്യസ്ഥ ആഘാതം ഉണ്ടാക്കുന്നു

ബാധിതരായ കുടുംബങ്ങളുടെ സാമൂഹിക-സാമ്പത്തിക വിവരങ്ങൾ താഴെ ചേർക്കുന്നു.

ചിത്രം 6.1.1ൽ കൊടുത്തിരിക്കുനതുപോലെ 5 കുടുംബങ്ങൾ ഹിന്ദു മതവും 1 കുടുംബം ക്രിസ്തു മതവും പിന്തുടരുന്നു.

ഒരു കുടുംബം മറ്റ് പിന്നോക്ക സമുദായത്തിൽ (ഒ.ബി.സി) ഉൾപ്പെടുമ്പോൾ 5 കുടുംബങ്ങൾ പൊതു വിഭാഗത്തിൽപെടുന്നു. പ്രത്യാഘാത ബാധിതജനസംഖ്യയുടെ പ്രായം വിശകലനം ചെയ്യുമ്പോൾ 26–40 വയസ്സിനിടയിലുള്ള 8 പേരും, 5 പേർ 41–60 വയസ്സിനിടയിലുള്ളവരുമാണ്. 0–6 വയസ്സിനിടയിലുള്ള 3 കുട്ടികളും, 60–80 വയസ്സിനിടയിലുള്ള 6 പേരും ഉണ്ട്. 6–17 വയസ്സിനിടയിലുള്ള കുട്ടികളുടെയും 18–25 വയസ്സിനിടയിലുള്ളവരുടെയും എണ്ണം 4ഉം 1ഉം വീതമാണ്. (ചിത്രം 6.1.3)

(ചിത്രം 6.1.4) ലിംഗഭേദമനുസരിച്ച് ജനസംഖ്യയുടെ എണ്ണം വിശദീകരിക്കുന്നു. സർവ്വേയിൽ ലഭ്യമായ പ്രാഥമിക വിവരങ്ങൾ അനുസരിച്ച് പുരുഷൻമാരുടെ ജനസംഖ്യ 12 ഉം സ്ത്രീകളുടെ എണ്ണം 15 ഉം ആണ്. പട്ടിക 6.1.1 ൽ വിശദീകരിച്ചിരിക്കുന്നതുപോലെ, 18 പേർ വിവാഹിതരും 9 പേർ അവിവാഹിതരുമാണെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. സർവ്വേയിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത് വിധവയോ വിഭാര്യനോ പദ്ധതി ബാധിതരിൽ ഉൾപ്പെട്ടിട്ടില്ല എന്നുള്ളതാണ്.

ആഘാത ബാധിതരുടെ വിദ്യാഭ്യാസത്തെപറ്റി പരാമർശിക്കുമ്പോൾ ബാധിത കുടുംബങ്ങളിൽ 3 പേർ കോളേജ് ബിരുദധാരികളാണെന്ന് സർവ്വേ വെളിപ്പെടുത്തുന്നു. ഹൈസ്കൂൾ, യു.പി.സ്കൂൾ, എൽ.പി.സ്കൂൾ വിദ്യാഭ്യാസ യോഗ്യതയുള്ള വ്യക്തികളുടെ എണ്ണം യഥക്രമം 13, 6, 5 എന്നിവയാണ്. (പട്ടിക 6.1.2).

(ചിത്രം 6.1.1.)



(ചിത്രം– 6.1.2.)




(ചിത്രം 6.1.3)



(ചിത്രം 6.1.4)




(ചിത്രം 6.1.5.)



(ചിത്രം 6.1.6) **വിദ്യാഭ്യാസം**




## 6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

ലഭ്യമായ വിവരമനുസരിച്ച് ബാധിത കുടുംബങ്ങളുടെ വരുമാന നിലവാരം ശരാശരിയേക്കാൾ കൂടുതലാണെന്നും പ്രതിമാസം 15,000 രൂപ മുതൽ 30,000 രൂപ വരെ വ്യത്യാസമുണ്ടെന്നും കണ്ടെത്തി. എല്ലാ കുടുംബങ്ങളും ഈ ചോദ്യങ്ങൾക്ക് മറുപടി നൽകി.

എല്ലാ കുടുംബങ്ങൾക്കും വരുമാന ദാതാവായ ഒരു അംഗം മാത്രമേ ഉള്ളൂ. അവർ തങ്ങളുടെ കുടുംബ വരുമാനത്തിന് സംഭാവന നൽകുന്നു. കുടുംബത്തിലെ ആശ്രിതരുടെ ശരാശരി എണ്ണം മൂന്ന് ആണ്.

എല്ലാ കുടുംബങ്ങളും അവർക്ക് ലഭ്യമായ റേഷൻ കാർഡിനെക്കുറിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. അവയിൽ നാലെണ്ണത്തിൽ നീല നിറമുള്ള റേഷൻ കാർഡ് ഉണ്ടെന്നും 2 പേർ വെള്ള നിറത്തിലുള്ള റേഷൻ കാർഡ് കൈവശം വച്ചിട്ടുണ്ടെന്നും ഇത് ബാധിത കുടുംബങ്ങളുടെ ശരാശരി വരുമാന നിലവാരത്തെ സൂചിപ്പിക്കുന്നു.

**6.3. ദുർബലജനവിഭാഗം**

മാനവ വികസന സൂചികയുടെ പ്രധാന വശങ്ങളായ വിദ്യാഭ്യാസം, വരുമാനം, ആരോഗ്യം മുതലായവ പോസിറ്റീവ് ആണെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും നിർദ്ദിഷ്ട പ്രദേശം ഏറ്റെടുക്കുമ്പോൾ പ്രത്യേക പരിഗണന ആവശ്യമുള്ള ചില ദുർബല വിഭാഗമുണ്ട് പ്രത്യേകിച്ച് കുട്ടികളും മുതിർന്നവരും. 17 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 7 ഉം 60 വയസ്സിന് മുകളിലുള്ള മുതിർന്നവർ 6 ഉം ആണ്.

**6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും**

നിർദ്ദിഷ്ട ഭൂമിയിൽ ഭൂവുടമകൾ വിളകളും മറ്റ് കാർഷിക പ്രവർത്തനങ്ങളും നടത്തി വരുന്നതാണ്.ഭൂവുടമകൾക്ക് നിർദ്ദിഷ്ട ഭൂമിയിൽ നിന്ന് വരുമാനം ലഭ്യമാകുന്നുണ്ട്

**6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ**

നിലവിൽ വിളകളും മറ്റ് കാർഷിക പ്രവർത്തനങ്ങളുമാണ് പ്രസ്തുത പ്രദേശത്തെ പ്രധാന സാമ്പത്തിക പ്രവർത്തനങ്ങൾ.

**6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ**

നിലവിൽ ഭൂവുടമകൾ നിർദ്ദിഷ്ട ഭൂമിയിൽ വിളകളും മറ്റ് കാർഷിക പ്രവർത്തനങ്ങളും നടത്തി വരുന്നു. നിർദ്ദിഷ്ട ഭൂമിയിൽ നിന്നുള്ള വരുമാനം അവരുടെ വരുമാന സ്രോതസ്സാണ്. പ്രത്യാഘാത ബാധിതമായ 6 കുടുംബങ്ങളിൽ 2 കുടുംബങ്ങളിലെ വരുമാനമുള്ള അംഗങ്ങൾ ഒരു കാർഷിക കൃഷിയിടത്തിലാണ് ജോലി ചെയ്യുന്നത്, മറ്റ് 4 കുടുംബങ്ങളിലെ വരുമാനദാതാക്കൾ കാർഷിക മേഖലയേയും അതിൽ നിന്നുള്ള വരുമാനത്തേയും ആശ്രയിച്ചാണ് ജീവിക്കുന്നത്.

**6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

പ്രത്യാഘാത ബാധിതരായ ഭൂവുടന്മകളിൽ 4 പേർ ബന്ധുക്കളാണ്. അവർക്ക് ഭൂമി പൂർവ്വിക സ്വത്തായി ലഭിച്ചതാണ്. നിർദ്ദിഷ്ട പദ്ധതി സാംസ്കാരിക സാമൂഹിക സംഘടനകളെയൊന്നും തന്നെ ബാധിക്കുന്നില്ല.

**6.8 ഭരണ സംഘടനകൾ**

കാരാപ്പുഴ സംഭരണി പ്രദേശത്തിന് വളരെ അടുത്തായിട്ടാണ് ബാധിത ഭൂമി സ്ഥിതി ചെയ്യുന്നത്. അഡ്മിനിസ്ട്രേറ്റീവ് ഓർഗനൈസേഷനുകളൊന്നും ഈ പ്രദേശത്ത് സ്ഥിതി ചെയ്യുന്നില്ല.

**6.9 രാഷ്ട്രീയ സംഘടനകൾ**

നിർദ്ദിഷ്ട സ്ഥലത്തിന് സമീപത്തായി ഒരു രാഷ്ട്രീയ സംഘടനയുടെ സ്ഥാപനങ്ങളൊന്നും സ്ഥിതി ചെയ്യുന്നില്ല.

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

പദ്ധതി പ്രദേശത്ത് എല്ലാ പ്രധാന മതങ്ങളുടെയും സാന്നിധ്യമുണ്ടെങ്കിലും, നിർദ്ദിഷ്ട പ്രദേശത്തെ രണ്ട് പ്രധാന മതങ്ങളാണ് ഹിന്ദുമതവും ക്രിസ്തുമതവും. അത്തരം സംഘടനകളൊന്നും പദ്ധതി ബാധിതമായിട്ടില്ല.

**6.11 പ്രാദേശികവും ചരിത്രപരവുമായ പരിണാമപ്രക്രിയ**

പ്രാദേശികവും ചരിത്രപരവുമായ പരിണാമ പ്രക്രിയകളൊന്നും പദ്ധതി പ്രതികൂല മായി ബാധിക്കുന്നില്ല.

.

**6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം**

കാരാപ്പുഴ അണക്കെട്ടിന്റെ തീരത്തോട് വളരെ അടുത്താണ് നിർദ്ദിഷ്ട ഭൂമി സ്ഥിതി ചെയ്യുന്നത്. നിർദ്ദിഷ്ട ഭൂമിയിൽ കെട്ടിടങ്ങൾ ഒന്നുംതന്നെ ഇല്ല. കാരാപ്പുഴ അണക്കെട്ടിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുക എന്നതാണ് ഭൂമി ഏറ്റെടുക്കലിന്റെ ആവശ്യകത. അണക്കെട്ടിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കുമ്പോൾ വൈത്തിരി, സുൽത്താൻ ബത്തേരി, മാനന്തവാടി എന്നീ താലൂക്കുകളിലെ 5221 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനാകും.

## അദ്ധ്യായം 7
## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം 4 ഘട്ടങ്ങളിലായ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തി. ആദ്യഘട്ടത്തിൽ പദ്ധതിപ്രദേശം സന്ദർശിച്ച് പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും നേട്ടങ്ങളും വിലയിരുത്തി. പിന്നീട് മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വെ നടത്തി അവരുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം, ഭൂമി ഏറ്റെടുക്കുമ്പോൾ ഓരോ കുടുംബത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, തുടങ്ങിയ വിവരങ്ങൾ ശേഖരിച്ചു.. സ്ഥലത്തെ പ്രധാന വ്യക്തികളുമായും തൽപരകക്ഷികളുമായും അഭിമുഖം നടത്തി പദ്ധതിയുടെ പൊതുവായ ആഘാതങ്ങളും നേട്ടങ്ങളും മനസ്സിലാക്കി. പ്രസ്തുത സർവേയിലൂടെയും അഭിമുഖത്തിലൂടെയും ലഭ്യമായ വിവരങ്ങൾ ശാസ്ത്രീയമായ് വിലയിരുത്തി തയ്യാറാക്കിയ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ 16.10.2019 ന് നെല്ലറച്ചാൽ ഗവ. സ്കൂളിൽ നടത്തുവാൻ തീരുമാനിച്ചിട്ടുള്ള പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കും. പ്രസ്തുത പബ്ലിക് ഹിയറിങ്ങിൻെറ നോട്ടിസ് പദ്ധതിബാധിത കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. പബ്ലിക് ഹിയറിങ്ങിൽ ഭൂമി ഏറ്റെടുക്കലിനെക്കുറിച്ച് തങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്ക് വെക്കുവാൻ കുടുംബങ്ങൾക്ക് അവസരം ലഭിക്കുകയും ആയതിന് ബന്ധപ്പെട്ട അധികാരികൾ മറുപടി നൽകുകയും ചെയ്യും

### 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

ജനവാസസ്ഥലങ്ങളെ ബാധിക്കാത്തവിധത്തിലും കുറവ് പ്രത്യാഘാതം ഉണ്ടാകുന്ന വിധത്തിലുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ജനവാസ മേഖല ഒഴിവാക്കി പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നതിനാൽ മറ്റ് നിർമ്മിതികളൊന്നും പദ്ധതി ആഘാത ബാധിതമാകുന്നില്ല. എന്നിരുന്നാലും 6 കുടുംബങ്ങൾക്ക് തങ്ങളുടെ ഭൂമി നഷ്ടമാകുന്നു എന്നത് പദ്ധതിയുടെ പ്രത്യാഘാതമാണ്.

ആയതിനാൽ കുടുംബങ്ങൾക്കുണ്ടാകുന്ന പ്രത്യാഘാതം ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ കൈക്കൊള്ളേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 19.09.2015 തീയതിയിൽ G.O(P)No.470/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരം പദ്ധതി ആഘാത ബാധിത മാകുന്ന വസ്തുക്കളുടെ പുനഃസ്ഥാപന നടപടികൾ കൈക്കൊള്ളുക.
- പദ്ധതി ബാധിത സ്ഥലത്തുള്ള കൃഷിയിൽ നിന്നും കുടുംബങ്ങൾക്ക് ലഭിക്കുന്ന വരുമാനം നഷ്ടപരിഹാരത്തിന് പരിഗണിക്കുക.
- പ്രസ്തുത ഭൂമിയി ലുള്ള കിണർ നഷ്ടപരിഹാരത്തിന് പരിഗണിക്കുക.
- വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരം വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

**7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013-ൻെറ വെളിച്ച ത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 19.09.2015 തീയതിയിൽ G.O. (P) No.470/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O. (Ms) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ.

**7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

ആഘാതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മതിയായ തുക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ടെന്ന് അർത്ഥനാധികാരി വെളിപ്പെടുത്തി.

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

ബാധകമല്ല.

**7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമിഏറ്റെടുക്കലിന്റെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 19.09.2015 തീയതിയിൽ G.O (P) No.470/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RD പ്രകാരവും പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുക .

**പട്ടിക 7.6. സാമൂഹ്യപ്രത്യാഘാത ഭൂനിയന്ത്രണ ആസൂത്രണം**

| *ക്രമ നമ്പർ* | *പ്രത്യാഘാതം* | *പ്രത്യാഘാതനിയന്ത്രണം* | *സമയക്രമം* |
|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | നഷ്ടപരിഹാരം (*RFCTLARR നിയമം 2013* ഒന്നാം പട്ടിക പ്രകാരം) | കേരള ഭൂമി ഏറ്റെടുക്കലിൽന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം |
| 2 | വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | നഷ്ടപരിഹാരം (RFCTLARR *നിയമം 2013* ഒന്നാം പട്ടിക പ്രകാരം) | |
| 3 | പരിസ്ഥിതി ആഘാത നിയന്ത്രണം | നഷ്ടമാകുന്ന വൃക്ഷ ങ്ങൾക്ക് പകരം വൃക്ഷതൈകൾ വിതരണം ചെയ്യുകയും നട്ടുപിടിപ്പിക്കുകയും ചെയ്യുക | |

## 7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

ബാധകമല്ല

# അദ്ധ്യായം 8
# സാമൂഹ്യ പ്രത്യാഘാത
# പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

## 8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

വയനാട് ജില്ലയിലെ കാരാപ്പുഴ ജലസേചന പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതി കേരള ജലസേചന വകുപ്പ് നിർദ്ദേശിച്ചതിൻ പ്രകാരമാണ് നടപ്പാക്കുന്നത്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം സംസ്ഥാന സർക്കാർ വ്യക്തമായ ഉത്തരവാദിത്തങ്ങൾ നൽകി പ്രത്യേകം ഉദ്യോഗ സ്ഥരെ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃര ധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൽ നിർവ്വചി ക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതിബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാ ക്കുന്നതിന്റെ ഉത്തരവാദിത്തം. സർക്കാരിന്റെയും, പുനഃരധിവാസത്തിനും പുനഃസ് ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗദർശനത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടിയുള്ള പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തി പ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരം ഭൂമി ഏറ്റെടു ക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി കേരള സർക്കാർ രൂപീ കരിച്ച നയത്തിൽ പറയുന്ന പ്രകാരം ന്യായമായ നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയ്ക്ക് വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയിൽ ചുവടെ ചേർക്കുന്ന ആളുകളെ ഉൾപ്പെടുത്തേണ്ടതാണ്.

- ജില്ലാ കളക്ടർ, പുനഃരധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ ഓഫീസർ

- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥന അധികാരികളുടെ പ്രതിനിധികൾ
- തദ്ദേശ സ്വയംഭരണ വകുപ്പിൻെറ പ്രതിനിധികൾ പുനരധിവാസ നടപടി രൂപരേഖ നിരീക്ഷിക്കുന്നതായിരിക്കും.

**8.2 ഗവൺമെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല.

**8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല.

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

## അദ്ധ്യായം 9
## സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്**

കാരാപ്പുഴ ജലസേചന പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിന് മൊത്തം 300 കോടി രൂപ (മുന്നൂറു കോടി മാത്രം) കേരള ജലവകുപ്പ് ബജറ്റ് ചെയ്യുന്നു. അതിൽ ഭൂമി ഏറ്റെടുക്കുന്നതിനും പുനരധിവാസത്തിനുമുള്ള ചെലവ് ഉൾപ്പെടുന്നു.

**9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും**

ബാധകമല്ല

**9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 10
# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

വയനാട് ജില്ലയിലെ നിർദ്ദിഷ്ട കാരാപ്പുഴ ജലസേചന പദ്ധതി 6 കുടുംബങ്ങളെ ബാധിക്കും. പ്രധാന നിരീക്ഷണങ്ങളും വിലയിരുത്തൽ സൂചകങ്ങളും താഴെ കൊടുക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന ന്യായമായ നഷ്ടപരിഹാരവും പുനഃസ്ഥാപനവും.
- ആഘാതബാധിത കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം സമയാധിഷ്ടിതമായി നൽകുക.
- നിശ്ചയിക്കപ്പെട്ട സമയക്രമമനുസരിച്ച് പദ്ധതി നടപ്പിലാക്കൽ
- പരിസ്ഥിതി സുരക്ഷാ നടപടികളും
- ഉപജീവനമാർഗ്ഗം പുനഃസ്ഥാപിക്കുക

## 10.2. റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013ൻെറ വെളിച്ചത്തിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച നയങ്ങൾക്കനുസൃതമായി റിപ്പോർട്ടിംഗും മേൽനോട്ടവും.

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല.

## അദ്ധ്യായം 11
## നേട്ടങ്ങളും നഷ്ടങ്ങളും-
## അപഗ്രഥനം,ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുത കുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം**

കാരാപ്പുഴ ജലസേചന പദ്ധതിയ്ക്ക് വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിലെ തോമാട്ടുചാൽ വില്ലേജിലെ 6 ഭൂവുടമകളുടെ കൈവശമുള്ള 0.4000 ഹെക്ടർ ഭൂമിയാണ് ആവശ്യമായി വരുന്നത്. പദ്ധതി പൂർത്തികരിക്കുന്നതിലൂടെ കാരാപ്പുഴ അണക്കെട്ടിൻെറ ജലസംഭരണശേഷി വർദ്ധിക്കും. അതുവഴി കാർഷിക മേഖലയ്ക്ക് വലിയ പ്രദേശങ്ങളിൽ ജലസേചനം സാധ്യമാകും.

കാരാപ്പുഴ ജലസേചന പദ്ധതിയ്ക്ക് വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിലെ തോമാട്ടുചാൽ വില്ലേജിലെ 0.4000 ഹെക്ടർ ഭൂമിയാണ് ആവശ്യമായി വരുന്നത്.ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 വകുപ്പ് 2 b (iv) പ്രകാരം പ്രസ്തുതപദ്ധതി ഒരു പൊതു ആവശ്യമായി വരുന്നു. 3 കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ളതാണ്. ഇവിടം കുടുംബങ്ങൾ താമസത്തിന് ഉപയോഗിക്കുന്നതല്ല എന്നതിനാൽ കുടിയൊഴിപ്പിക്കൽ, ഉപജീവന മാർഗ്ഗം നഷ്ടപ്പെടൽ തുടങ്ങിയ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നില്ല. എങ്കിലും പദ്ധതി ബാധിത കുടുംബങ്ങൾ പരമ്പരഗതമായി കൈവന്ന ഫലഭൂയിഷ്ഠമായ ഭൂമിയും അതിലെ വസ്തുവകകളും നഷ്ടപ്പെടുന്നു എന്നത് പദ്ധതിയുടെ ഒരു പ്രത്യാഘാതമാണ്.

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

വയനാട് ജില്ലയിലെ കാരാപ്പുഴ ഡാം റിസർവോയർ ഡാം പ്രദേശത്ത് ഭൂമി ഏറ്റെടുക്കുന്നതിൻെറ ഗുണപരവും പ്രതികൂലവുമായ പ്രത്യാഘാതങ്ങളുടെ വിശകലനത്തിൻെറയും വിലയിരുത്തലിൻെറയും അടിസ്ഥാനത്തിൽ ജലസേചന സൗകര്യം

മെച്ചപ്പെടുത്തുമെന്നതിനാലാണ് പദ്ധതിക്കായി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. കെട്ടിടങ്ങളൊന്നും തന്നെ ഭൂമി ഏറ്റെടുക്കൽ ബാധിക്കുന്നില്ല. പദ്ധതി പ്രദേശം കൂടുതലും നിലം വിഭാഗത്തിൽപ്പെടുന്നു.പ്രസ്തുതസ്ഥലത്ത് കൃഷി ചെയ്ത് വരുന്ന കുടുംബങ്ങളുടെ കാർഷിക പ്രവർത്തനങ്ങൾ ബാധിതമാകുന്നു. പദ്ധതി 6 കുടുംബങ്ങളെയാണ് പ്രതികൂലമായി ബാധിക്കപ്പെടുമെന്ന് കണക്കാക്കിയിരിക്കുന്നത്. ആഘാതം ഒഴിവാക്കുന്നതിനും ലഘൂകരിക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും താഴെപ്പറയുന്ന നടപടികൾ കൈക്കൊള്ളേണ്ടതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 ബി (iv) പ്രകാരം നിർദ്ദിഷ്ട പദ്ധതി ഒരു പൊതു താത്പര്യമായി കണക്കാക്കാവുന്നതാണ്.
- കേരളത്തിലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനഃരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന പ്രകാരം പുനഃരധിവാസ, പുനഃസ്ഥാപന, നഷ്ടപരിഹാര നടപടികൾ നടപ്പിലാക്കുക.
- പദ്ധതി ബാധിത സ്ഥലത്തുള്ള കൃഷിയിൽ നിന്നും കുടുംബങ്ങൾക്ക് ലഭിക്കുന്ന വരുമാനം നഷ്ടപരിഹാരത്തിന് പരിഗണിക്കുക.
- പ്രസ്തുത ഭൂമിയിലുള്ള കിണർ നഷ്ടപരിഹാരത്തിന് പരിഗണിക്കുക.
- വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരം വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

# References

1. The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 .
2. Rehabilitation and Resettlement Package for acquisition of Land in the State in lieu of RCFTLAAR Act, 2013 G.O. (Ms) No. 448/2017/RD dated 20/12/2017.